(സി) സമഗ്രപച്ചക്കറി വികസന പദ്ധതി നടപ്പിലാക്കുന്നതിനായി ഭരണതലത്തിൽ 2012-13-ൽ 4400 ലക്ഷം രൂപയും, 2013-14-ൽ 5625 ലക്ഷം രൂപയും, 2014-15 സാമ്പത്തിക വർഷത്തിൽ 6400 ലക്ഷം രൂപയും സർക്കാർ അനുവദിക്കുകയുണ്ടായി. ഇക്കൊല്ലം ഇതിനായി 6400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

പ്ലാസ്റ്റിക് ഇ-മാലിന്യ ശേഖരണം

6(*126) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാസ്റ്റിക്കും ഇ-മാലിന്യവും ശേഖരിക്കുവാൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി):

(എ) സർക്കാർ ഉത്തരവ് നമ്പർ 2612/2014/തസ്വഭവ. തീയതി 10-10-2014 പ്രകാരം സംസ്ഥാനത്തെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള ഇ-മാലിന്യങ്ങൾ 5 രൂപ നിരക്കിൽ ക്ലീൻ കേരള കമ്പനി സ്വീകരിക്കണമെന്നും തുടർന്നുള്ള പുനർചംക്രമണ പ്രവർത്തനങ്ങൾക്കായി രാജ്യത്തിന്റെ ഇതരഭാഗങ്ങളിൽ പ്രവർത്തിക്കുന്ന അംഗീകൃത സംഭരണശാലകളിലേയ്ക്ക് അയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഉത്തരവായിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ ക്ലീൻ കേരള കമ്പനി ഇതുവരെ 195 ടണ്ണോളം പ്ലാസ്റ്റിക് മാലിന്യങ്ങളും, 160 ടണ്ണോളം ഇ-മാലിന്യങ്ങളും ശേഖരിച്ച് ശാസ്ത്രീയമായ പുനർചംക്രമണത്തിനായി അംഗീകൃത ഏജൻസികൾക്ക് കൈമാറിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ അജൈവമാലിന്യങ്ങൾ, പ്ലാസ്റ്റിക് കവറുകൾ, ഇ-മാലിന്യങ്ങൾ ഉൾപ്പെടെയുള്ളവ തരംതിരിച്ച് സംഭരിക്കാനും മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററുകൾ സ്ഥാപിച്ച് അവിടെ പ്ലാസ്റ്റിക്,

LIBRARY ARCHIVES Kerala Legislative Assembly

ഇ-മാലിന്യങ്ങൾ ശേഖരിച്ച് പുനഃചംക്രമണം നടത്തുന്ന ഏജൻസികൾക്ക് കൈമാറാനുമുള്ള നടപടി സ്ക്രാപ് ഡീലർമാരുമായി ചേർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ നടപ്പിലാക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് പ്ലാസ്റ്റിക്, ഉപയോഗശൂന്യമായ ഇലക്ട്രോണിക്/ ഇലക്ട്രിക്കൽ ഉപകരണങ്ങൾ എന്നിവ കെട്ടിക്കിടക്കുന്നത് മൂലമുണ്ടാകുന്ന മലിനീകരണം തടയുക, ആരോഗ്യപ്രശ്നങ്ങൾ ഒഴിവാക്കുക, ശാസ്ത്രീയമായ മാലിന്യപരിപാലനം നടത്തുക, പ്ലാസ്റ്റിക് മാലിന്യങ്ങളുടെ അളവ് കുറയ്ക്കുക, പൊതുനിരത്തുകൾ, ഓവുചാലുകൾ എന്നിവിടങ്ങളിൽ പ്ലാസ്റ്റിക് വലിച്ചെറിയുന്ന പ്രവണതയും പ്ലാസ്റ്റിക് കത്തിക്കുന്ന പ്രവണതയും ഗണ്യമായി കുറയ്ക്കുക, പുനർചംക്രമണ മൂല്യമുള്ള വസ്തുക്കൾ പരമാവധി പുനഃചംക്രമണ വിധേയമാക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) സംസ്ഥാനത്ത് ബഹുഭൂരിപക്ഷം നഗരസഭകളുടെയും നേതൃത്വത്തിൽ പ്ലാസ്റ്റിക് അടക്കമുള്ള അജൈവമാലിന്യം ശേഖരിച്ച് പുനരുപയോഗ/ പുനഃചംക്രമണത്തിനായി കൈമാറുന്ന നടപടി സ്വീകരിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യശേഖരണം, റീസൈക്ലിംഗ് എന്നീ കാര്യങ്ങളിൽ നേട്ടങ്ങൾ ഉണ്ടാക്കുന്നതിനായി സംസ്ഥാനത്തെ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും റിസോഴ്സ് റിക്കവറി സെന്റർ/മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സൗകര്യം ഒരുക്കിയും കൂടാതെ അജൈവ മാലിന്യം ശേഖരിച്ച് നേരിട്ട് ഏജൻസികൾക്ക് പുനഃചംക്രമണത്തിനായി കൈമാറിയും വരുന്നുണ്ട്.

സ്നേഹസ്പർശം പദ്ധതി

7(*127) ശ്രീ. വി. ടി. ബൽറാം :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എ. റ്റി.ജോർജ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്നേഹസ്പർശം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly